പ്രശ്നത്തിൽ ഗവൺമെന്റ് ഇങ്ങനെ ഒരു സമീപനം സ്വീകരിക്കാൻ പാടില്ല. ഗവൺമെന്റ് ജനങ്ങളോടൊപ്പമല്ലേ നിൽക്കേണ്ടത്? ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റ് ഇതിനെതിരെ ഒരു സ്റ്റേറ്റ്മെന്റ് കൊടുത്തിട്ടുണ്ട്. പഞ്ചായത്ത് സ്റ്റേ കൊടുത്തിട്ടുണ്ട്. ഗവൺമെന്റ് സ്റ്റേ പിൻവലിക്കണം അതിന്റെ അംഗീകാരം റദ്ദാക്കണം. ശ്രീ. കെ. പി. രാജേന്ദ്രൻ കഴിഞ്ഞ സഭയിൽ ഈ പ്രശ്നം ഉന്നയിച്ചതാണ്. അപ്പോൾ വ്യക്തമായ മറുപടി മന്ത്രി പറഞ്ഞില്ല. ഇത് കേരളത്തിലെ എല്ലാപേരും ഉറ്റുനോക്കുന്ന ഒരു വിഷയമാണ്. ഇത് നിസാരമായി കാണാൻ മന്ത്രി ശ്രമിക്കരുത്. വളരെ ഗൗരവമായിട്ടുള്ള ഈ വിഷയത്തിൽ ആധികാരികമായിത്തന്നെ ബഹുമാനപ്പെട്ട മന്ത്രി അഭിപ്രായം പറയുവാൻ തയ്യാറാകണമെന്നാണ് എനിക്ക് പറയാനുള്ളത്.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള) : സർ, ഭൂഗർഭജലം ചൂഷണം ചെയ്യുന്നു, മലിനീകരണം സൃഷ്ടിക്കുന്നു എന്നീ കാരണങ്ങളാൽ പ്ലാച്ചിമടയിൽ കൊക്കകോള കമ്പനിയുടെ ലൈസൻസ് പെരുമാട്ടി പഞ്ചായത്ത് റദ്ദാക്കിയതിനെ തുടർന്ന് ഹൈക്കോടതിയിൽ നടന്നുവന്നിരുന്ന കേസ് ഹൈക്കോടതി നിഷേധിച്ചു. ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ടിൽ ഭൂഗർഭജലം എടുക്കുന്നതിന് കമ്പനിയിൻമേലുള്ള നിയന്ത്രണം മൺസൂൺകാലം വരെ മതിയാക്കണമെന്ന് റിപ്പോർട്ട് ചെയ്തിരുന്നു. ഇതിനിടയിൽ ഇടവപ്പാതി വരെ ഭൂഗർഭജലം ഉപയോഗിക്കരുതെന്ന് 21-2-2004-ലെ ഗവൺമെന്റ് ഉത്തരവിൽ പറഞ്ഞിരുന്നു. ഇതിനെതിരെ കമ്പനി ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തതിൽ അവരെ നേരിട്ട് കേട്ട് അപ്പീൽ തീർക്കാൻ നിർദ്ദേശിച്ചു. 1-4-2004-ൽ ലൈസൻസ് പുതുക്കുന്നതിന് നൽകിയ അപേക്ഷ പഞ്ചായത്ത് നിരസിച്ചതിനെതിരെ സർക്കാർ നൽകിയ അപ്പീൽ നിബന്ധനകൾക്ക് വിധേയമായി സ്റ്റേ അനുവദിക്കുകയുണ്ടായി. ഗവൺമെന്റ് നിർദ്ദേശിച്ചതിനെതിരെ പഞ്ചായത്ത് കോടതിയിൽ റിട്ട് ഹർജി നൽകി. സ്റ്റേ സമ്പാദിച്ചിരിക്കുകയാണ്. കേസ് ഇപ്പോഴും കോടതിയുടെ പരിഗണനയിലാണ്. ബംഗാളിലും മറ്റ് സംസ്ഥാനങ്ങളിലുമൊക്കെ ഇപ്പോഴും കൊക്കകോള കമ്പനി പ്രവർത്തിച്ചു വരുകയാണ്.

(6) പമ്പയാറ്റിൽ തടയണ നിർമ്മിക്കാൻ നടപടി

ശ്രീമതി മാലേത്ത് സരളാദേവി : സർ, എന്റെ നിയോജകമണ്ഡലവുമായി ബന്ധപ്പെട്ട് വളരെ ഗൗരവമായ ഒരു വിഷയം ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. പ്രാക്തന സംസ്കൃതിയുടെ ചൈതന്യധന്യവും ആദ്ധ്യാത്മോൻമുഖവുമായ ഒരു സ്മാരകമായി ഇന്നേയ്ക്ക് 607 വർഷങ്ങൾക്കുമുൻപ് പമ്പാനദിയിൽ പരമ്പരാഗത ശൈലിയിൽ ആരംഭിച്ച് അഭംഗുരം നടന്നുവന്നിരുന്ന ലോക പ്രശസ്തമായ ആറൻമുള ഉത്രട്ടാതി വള്ളംകളി ചരിത്രത്തിൽ ആദ്യമായി കഴിഞ്ഞ വർഷം മുടങ്ങാൻ ഇടയായി. ഈ സംഭവം പമ്പയുടെ ഇരുകരകളിലുമുള്ള ജനങ്ങളെ ജാതി മത രാഷ്ട്രീയ വിചാരങ്ങൾക്ക് അതീതമായി വേദനിപ്പിച്ചു. ഇതിന്റെ കാരണങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

കണ്ടുപിടിക്കുമ്പോൾ നമുക്ക് മനസ്സിലാക്കാൻ ഇടയാകുന്നത് പമ്പാനദിയിൽ വള്ളംകളി ആരംഭിക്കുന്ന നിക്ഷേപമാലി മുതൽ വള്ളം കളി അവസാനിക്കുന്ന ആഞ്ഞിലിമൂട്ടിക്കടവ് വരെയുള്ള ഭാഗങ്ങളിൽ അശാസ്ത്രീയമായ മണൽ വാരൽമൂലം ജലനിരപ്പ് വളരെയധികം താഴാൻ ഇടയായി എന്നാണ്. അതുപോലെ തന്നെ വള്ളം കളിച്ചു പോകുമ്പോൾ ഭീഷണി ഉയർത്തിനിൽക്കുന്ന പച്ചപുല്ലുകൾ നിറഞ്ഞ മണൽ പുറ്റുകൾമൂലം വള്ളം കടക്കാൻ കഴിയാതെ വരുന്ന സാഹചര്യം ഉണ്ട്. ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി ആറൻമുള വള്ളംകളിയുമായി ബന്ധപ്പെട്ട് വളരെയധികം വികസന പ്രവർത്തനങ്ങൾക്ക് ഞങ്ങളെ സഹായിച്ചിട്ടുണ്ട്. അത് ഓർമ്മിച്ചുകൊണ്ട് തന്നെ അടിയന്തിരമായി അദ്ദേഹത്തിന്റെ ശ്രദ്ധ ഈ കാര്യത്തിൽ ഉണ്ടാകണം. വള്ളംകളി നടക്കുന്ന സ്ഥലത്ത് ജലവിതാനം ഉയർത്തുന്നതിന് തടയണകൾ നിർമ്മിക്കേണ്ടതും മണൽ പുറ്റുകൾ നിശ്ശേഷം നികത്തേണ്ടതും വളരെയധികം ആവശ്യമാണ് എന്ന കാര്യം അങ്ങയുടെ മുൻപിൽ സമർപ്പിക്കുന്നു. ആ കാര്യങ്ങൾ ചെയ്ത് തരുന്നതിന് അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

ജലവിഭവ വകുപ്പുമന്ത്രി ശ്രീ. ടി. എം. ജേക്കബ്: സർ, ബഹുമാനപ്പെട്ട മെമ്പർ ഇതേ വിഷയം ഈ സഭയിൽ ഇതിനുമുമ്പും അവതരിപ്പിച്ചിട്ടുള്ളതാണ്. എന്നെ നേരിട്ട് കണ്ട് നിരവധി പ്രാവശ്യം ഈ ആവശ്യം ഉന്നയിക്കുകയും ചെയ്തതാണ്. കഴിഞ്ഞ വർഷം ആറൻമുള ഉത്രട്ടാതി വള്ളംകളി മുടങ്ങി. അവിടെ ആ ദിവസം വെള്ളം ഇല്ലാത്ത സാഹചര്യം ഉണ്ടായി. മണിയാൻ ബാരേജിൽ നിന്നും വെള്ളം തുറന്നുവിട്ടെങ്കിലും അത് സമയത്തിന് അവിടെ എത്തിക്കാൻ കഴിയാതെ വരുകയും വള്ളംകളി മുടങ്ങുകയും ചെയ്തു. അതിന് ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിച്ചതാണ്. മെമ്പർ ഇവിടെ പറഞ്ഞ ഒരു കാര്യം, പുറ്റ് മാറ്റുക എന്നുള്ളതാണ്. രണ്ടുമൂന്ന് പ്രാവശ്യം ഇറിഗേഷൻ ഡിപ്പാർട്ടുമെന്റ് അത് ചെയ്തതാണ്. പക്ഷേ, മണൽ വാരൽ നടന്നതുകൊണ്ടും മറ്റും വീണ്ടും പുറ്റുണ്ടായി. വർഷകാലമായതുകൊണ്ട് അത് മാറ്റാൻ ഇപ്പോൾ സാദ്ധ്യമല്ല. അതിനുള്ള നടപടി സ്വീകരിക്കാം. രണ്ടാമത് ആവശ്യപ്പെട്ടത് ചെക്ക് ഡാം കെട്ടണം എന്നതാണ്. ചെക്ക്ഡാം വേണമോ അതോ റഗുലേറ്റർ-കം-ബ്രിഡ്ജ് വേണമോ എന്നത് സംബന്ധിച്ചും ഡീറ്റെൽഡ് ഇൻവെസ്റ്റിഗേഷൻ നടത്തിക്കൊണ്ടിരിക്കുകയാണ്. ചെക്ക് ഡാം ആകുമ്പോൾ രണ്ടു ഭാഗത്തുനിന്നും വള്ളം കൊണ്ടുവരാനുള്ള ബുദ്ധിമുട്ട് വരുന്നുണ്ട്. അതിന്റെ ഡീറ്റെൽഡ് ഇൻവെസ്റ്റിഗേഷൻ നടത്തുകയാണ്. എന്തായാലും ഈ പ്രാവശ്യം വള്ളം കളി മുടങ്ങാതെ മണിയാൻ ബാരേജിൽ നിന്നും വെള്ളം കൃത്യമായിട്ട് എത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കാം. പുറ്റ് മാറ്റാം റഗുലേറ്റർ-കം-ബ്രിഡ്ജ് വേണമോ ചെക്ക് ഡാം വേണമോ എന്നുള്ള കാര്യത്തിൽ അന്തിമമായ തീരുമാനം ഉടനെ തന്നെ എടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly